# കേരള സർവകലാശാല

നം. പി.ആർ.101/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.കോം പരീക്ഷാകേന്ദ്രങ്ങളിൽ മാറ്റം

കേരള സർവകലാശാല മെയ് 15-ന് ആരംഭിക്കുന്ന ഒന്നാം വർഷ ബി.കോം ആന്വൽ സ്കീം പരീക്ഷയ്ക്ക് മാർ ഇവാനിയോസ് കോളേജ്, ഗവ. സംസ് കൃത കോളേജ് എന്നിവ ആവശ്യപ്പെട്ട പെൺകുട്ടികൾ നീറമൺകര എൻ.എസ്.എസ് കോളേജ് ഫോർ വിമണിലും മാർ ഇവാനിയോസ് ആവശ്യ പ്പെട്ട ആൺകുട്ടികൾ തോന്നക്കൽ എ.ജെ കോളേജ് ഫോർ സയൻസ് ആന്റ് ടെക്നോളജിയിലും സംസ്കൃത കോളേജ് ആവശ്യപ്പെട്ട ആൺകുട്ടികളിൽ രജിസ്റ്റർ നം.3031602001 മുതൽ 3031602150 വരെയുള്ളവർ കാഞ്ഞിരംകുളം കെ.എൻ.എം ഗവ. ആർട്സ് ആന്റ് സയൻസ് കോളേജിലും തുമ്പ സെന്റ് സേ വിയസ് കോളേജ് ആവശ്യപ്പെട്ടവരിൽ രജിസ്റ്റർ നം.3031612120 മുതൽ 3031612319 വരെയുള്ളവർ ചെമ്പഴന്തി എസ്.എൻ കോളേജിലും നെടുമങ്ങാട് ഗവ. കോളേജ് ആവശ്യപ്പെട്ടവരിൽ രജിസ്റ്റർ നം.3031621001 മുതൽ 3031621100 വരെയു ള്ളവർ കുറവൻകോണം യു.ഐ.ടിയിലും കൊട്ടിയം എൻ.എസ്.എസ് കോളേജ് ആവശ്യപ്പെട്ടവരിൽ രജിസ്റ്റർ നം.3031628001 മുതൽ 3031628150 വരെ യുള്ളവരും ശാസ്താംകോട്ട ഡി.ബി കോളേജ് ആവശ്യപ്പെട്ടവരിൽ രജിസ്റ്റർ നം. 3031634201 മുതൽ 3031634400 വരെയുള്ളവരും കരുനാഗപ്പള്ളി ശ്രീവിദ്യാധി രാജ കോളേജിലും കൊല്ലം എസ്.എൻ. കോളേജ് ആവശ്യപ്പെട്ട പെൺകുട്ടി കൾ കൊല്ലം എസ്.എൻ. കോളേജ് ഫോർ വിമണിലും കൊല്ലം എഫ്.എം.എൻ കോളേജ് ആവശ്യപ്പെട്ടവരിൽ രജിസ്റ്റർ നം. 3031631301 മുതൽ 3031631400 വരെ യുള്ളവർ പേരയം എൻ.എസ്.എസ് ആർട്സ് ആന്റ് സയൻസ് കോളേജിലും രജിസ്റ്റർ നം. 3031631401 മുതൽ 3031631500 വരെയുള്ളവർ കൊല്ലം മയ്ലാപൂർ ഫാത്തിമ മെമ്മോറിയൽ ട്രെയിനിംഗ് കോളേജിലും ചേർത്തല എസ്.എൻ കോളേജ് ആവശ്യപ്പെട്ടവരിൽ രജിസ്റ്റർ നം. 3031648001 മുതൽ 3031648145 വരെ യുള്ളവർ ചേർത്തല എൻ.എസ്.എസ് കോളേജിലും പന്തളം എൻ.എസ്.എസ് കോളേജ് ആവശ്യപ്പെട്ടവരിൽ രജിസ്റ്റർ നം. 3031656001 മുതൽ 3031656300 വരെ യുള്ളവർ ചെങ്ങന്നൂർ എസ്.എൻ കോളേജിലും പരീക്ഷ എഴുതേണ്ടതാണ്. ഒന്നാം വർഷ വിദ്യാർത്ഥികൾ (www.de.keralauniversity.ac.in) എന്ന വെബ്സൈ റ്റിൽ നിന്നും പരീക്ഷ തുടങ്ങുന്നതിന് മുമ്പായി ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യണം. രണ്ടും മൂന്നും വർഷ വിദ്യാർത്ഥികൾ അവർ പരീക്ഷ എഴുതിയ കേന്ദ്രങ്ങളിൽ തന്നെ പരീക്ഷ എഴുതേണ്ടതാണ്.

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

### ബി.എ/ബി.എസ്സി/ബി.കോം ടൈംടേബിൾ

കേരള സർവകലാശാല മെയ് 16-ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ സി.ബി. സി.എസ് ബി.എ/ബി.എസ്സി/ബി.കോം (2010 അഡ്മിഷൻ – മേഴ്സി ചാൻസ്, 2011, 2012, അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. അഞ്ചാം സെമസ്റ്ററിലേത് പോലെ പരീ ക്ഷാകേന്ദ്രങ്ങൾ പരിമിതപ്പെടുത്തിയിട്ടുണ്ട്.

## വൈവ വോസി പരീക്ഷകൾ

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്‌സി ഇലക്ട്രോണിക്സ് (കരിയർ റിലേറ്റഡ് സി.ബി.സി..എസ്) പരീക്ഷയുടെ വൈവ വോസി പരീക്ഷകൾ മെയ് 15 മുതൽ അതാത് കേന്ദ്രങ്ങളിൽ വച്ച് നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി. ബി.എ (കരിയർ റിലേറ്റഡ് സി.ബി.സി..എസ്) പരീക്ഷയുടെ വൈവ വോസി പരീക്ഷകൾ മെയ് 15 മുതൽ അതാത് കേന്ദ്രങ്ങളിൽ വച്ച് നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഡി.സി.എ കോഴ്സ്: സീറ്റ് ഒഴിവുണ്ട്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നെടുമങ്ങാട് പനവൂർ മുസ്ലിം അസോസിയേഷൻ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിൽ നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (ഡി.സി.എ) കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. കോഴ്സ് കാലാവധി ആറ് മാസം. യോഗ്യത: പ്ലസ് ടു/പ്രീ ഡിഗ്രി. അപേക്ഷ കോളേജിലെ തുടർവിദ്യാഭ്യാസ യൂണിറ്റിൽ നിന്ന് ലഭിക്കും. അപേക്ഷാഫീസ് 110 രൂപ. ഫോൺ: 0472-2867555, 7293973530

## എൽ.എൽ.ബി പരീക്ഷകൾ

കേരള സർവകലാശാലയുടെ ആറാം സെമസ്റ്റർ (ത്രിവത്സരം), പത്താം സെമസ്റ്റർ (പഞ്ചവത്സരം) (2011-12 -ന് മുമ്പുള്ള അഡ്മിഷൻ) എൽ.എൽ.ബി പരീക്ഷകൾ ജൂൺ രണ്ടിന് ആരംഭിക്കും. പിഴകൂടാതെ മെയ് 18 (50 രൂപ പിഴയോടെ മെയ് 20, 125 രൂപ സൂപ്പർ ഫൈനോട് കൂടി മെയ് 22) വരെ ഫീസടച്ച് അപേക്ഷിക്കാം. മേഴ്സി ചാൻസ് വിദ്യാർത്ഥികൾ പരീക്ഷാഫീസിന് പുറമേ 2000/- രൂപ മേഴ്സി ചാൻസ് ഫീസിനത്തിലും 200 രൂപ സി.വി ക്യാമ്പ് ഫീസിനത്തിലും അടയ്ക്കേണ്ടതാണ്.

## പ്രോഗ്രാമർ ഒഴിവ്

കേരള സർവകലാശാല കമ്പ്യൂട്ടർ സെന്ററിലേക്കും വിവിധ പഠനവകുപ്പുകളിലേക്കും കരാറടിസ്ഥാനത്തിൽ പ്രോഗ്രാമർ തസ്തികയിൽ ഒരു വർഷത്തെ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത അപേക്ഷകൾ മെയ് 16 വൈകുന്നേരം അഞ്ച് മണിക്കകം ലഭിക്കണം. യോഗ്യരായവരിൽ നിന്നും ഇന്റർവ്യൂ പ്രകാരം തെരഞ്ഞെടുക്കും. യോഗ്യത, പ്രായം, പ്രവൃത്തിപരിചയം മറ്റ് വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) **Job Notifications** എന്ന ലിങ്കിൽ ലഭിക്കും.

തിരുവനന്തപുരം.
09.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**(from mobile) 0471-2115054 and 0471-2115098**